# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1845** **20-06-2024 - ൽ മറുപടിയ്ക്ക്**

### കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞു പ്രതിഷേധിച്ച സംഭവത്തിൽ നടത്തിയ അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മേയറെ കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർ അധിക്ഷേപിച്ചു എന്ന പരാതി ഉയർത്തി മേയറും കുടുംബവും കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞു പ്രതിഷേധിച്ച സംഭവത്തിൽ കെ.എസ്.ആർ.ടി.സി. അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (എ) | പരാമർശിത വിഷയം കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br><br>ഈ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ FIR No. 0474/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടന്നു വരുന്നു. പോലീസ് വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ബഹു.കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കൈമാറുവാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ